# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത</u>
<u>ചോദ്യം നമ്പർ 1561</u>

<u>14-6-2013-ൽ മറുപടിക്ക്</u>

## <u>മുന്നിലവ് പഞ്ചായത്തിൽ പാറഖനനം</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) കോട്ടയം ജില്ലയിലെ മൂന്നിലവ് പഞ്ചായത്തിൽ പാറഖനനം നടന്നു വരുന്ന സ്ഥലങ്ങൾ ഏതൊക്കെ; ഏതെല്ലാം സ്ഥലങ്ങളിൽ ആർക്കെല്ലാം ലൈസൻസ് ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയാമോ ; | (എ) | മുന്നിലവ് ഗ്രാമപഞ്ചായത്തിലെ ബ്ലോക്ക് നമ്പർ 57, റീസർവ്വേ 149/1, 149/2 – ൽ ശ്രീ.ജോർജ്ജ് ജോസഫ്, തെങ്ങണാകുന്നേലിന്റെ തെങ്ങണാകുന്നേൽ - ഗ്രാനൈറ്റ്സ് എന്ന സ്ഥാപനത്തിനും, ബ്ലോക്ക് നമ്പർ 56 ൽ റീസർവ്വേ 24, 24/1, 24/2, 24/3 ൽ ശ്രീ. സക്റിയ, പി.വി. ഗ്രാനൈറ്റ്സ്, മാനേജിംഗ് പാർട്ടണർ എന്നയാളുടെ പി.വി.ഗ്രാനൈറ്റ്സ് എന്ന സ്ഥാപനത്തിനും, ബ്ലോക്ക് നമ്പർ 56, റീസർവ്വേ 46/1, 46/1-1, 46/1-2, 46/1-3 -ൽ ശ്രീ.എം.എ.നളിനാക്ഷൻനായരുടെ ~~മങ്കൊമ്പ്~~ മെ,ന്റൊസ് ഗ്രാനൈറ്റ്സിനും ലൈസൻസ് നൽകിയിട്ടുണ്ട്. |
| (ബി) പാറ ഖനനം നടത്തുന്നതിന് പഞ്ചായത്തിന്റെ അനുവാദം ലഭിക്കേണ്ടതായിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാം; | (ബി) | ഉണ്ട്.<br>കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233-ാം വകുപ്പിൽ അനുശാസിക്കുന്ന വ്യവസ്ഥകളും 1996-ലെ കേരള പഞ്ചായത്ത് രാജ് ആപൽക്കരവും അസഹ്യവുമായ വ്യാപാരസ്ഥാപനങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ വ്യവസ്ഥകളും പാലിക്കേണ്ടതായിട്ടുണ്ട്. |
| (സി) ഈ വ്യവസ്ഥകൾ പ്രകാരം ആർക്കെല്ലാം അനുമതി നല്കി | (സി) | പ്രസ്തുത വ്യവസ്ഥകൾ പ്രകാരം ബ്ലോക്ക് 57, റീസർവ്വേ 149/1, 149/2 ൽ ശ്രീ.ജോർജ്ജ് |

| | | | |
|---|---|---|---|
| | യിട്ടുണ്ട്; പേരും സ്ഥലത്തിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ ; | | ജോസഫിനും, ബ്ലോക്ക് 56, റീസർവ്വേ 24, 24/1, 24/2, 24/3 ൽ ശ്രീ. സ്കറിയാക്കും ബ്ലോക്ക് 56, റീസർവ്വേ 46/1, 46/1-1, 46/1-2, 46/1-3 ൽ ശ്രീ.എം.എ.നളിനാക്ഷൻ നായർക്കും ലൈസൻസ് നൽകിയിട്ടുണ്ട്. |
| (ഡി) | നിയമാനുസൃതമായ എല്ലാ അനുമതികളോടും കൂടിയാണോ അവയെല്ലാം പ്രവർത്തിക്കുന്നത്; വിശദമാക്കാമോ; | (ഡി) | തെങ്ങണാകുന്നേൽ ഗ്രാനൈറ്റ്സ് എന്ന പാറമട നിയമാനുസൃത അനുമതി കൂടാതെ പ്രവർത്തിച്ചുവന്നിരുന്നെങ്കിലും ഗ്രാമ പഞ്ചായത്തിൽ നിന്നും സ്റ്റോപ്പ് മെമ്മോ നൽകി പ്രവർത്തനം നിർത്തിവച്ച് നിയമാനുസൃത നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് ലൈസൻസ് നൽകിയിട്ടുണ്ട്. പി.വി.ഗ്രാനൈറ്റ്സ് എന്ന പാറമട നിയമാനുസൃത അനുമതി ഇല്ലാതെ പ്രവർത്തനം തുടങ്ങിയെങ്കിലും ബഹു. ഹൈക്കോടതി WP.(C) 25312/12 നമ്പർ കേസിലെ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിൽ സ്ഥാപനാനുമതിക്കുള്ള അപേക്ഷ സമർപ്പിച്ച് അനുമതി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ലൈസൻസിനുള്ള അപേക്ഷയിൻ മേൽ ഗ്രാമപഞ്ചായത്ത് തീരുമാനം ആയിട്ടില്ല. . മാങ്കൊമ്പ് ഗ്രാനൈറ്റ് എന്ന പാറമടക്ക് നിയമാനുസൃത സ്ഥാപനാനുമതി നൽകി ലൈസൻസ് നൽകിയിട്ടുണ്ടെങ്കിലും ഈരാറ്റുപേട്ട മുൻസിഫ് കോടതിയുടെ O.S No.115/2010 കേസിലെ ഇടക്കാല ഉത്തരവ് പ്രകാരം പ്രവർത്തനം നടത്തുന്നില്ല. |
| (ഇ) | നിയമവിരുദ്ധമായി പാറഖനനം ചെയ്ത ആർക്കെല്ലാം എതിരായി പരാതി ലഭിക്കുകയുണ്ടായി; പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ഇ) | 1) തെങ്ങണാകുന്നേൽ ഗ്രാനൈറ്റ്സ്,<br>2) മാങ്കൊമ്പ് ഗ്രാനൈറ്റ്സ്,<br>3) പി.വി. ഗ്രാനൈറ്റ്സ് എന്നീ മൂന്ന് പാറമടകൾക്കെതിരെയും പരാതികൾ ലഭിക്കുകയുണ്ടാ |

| | | | |
|---|---|---|---|
| | | | യെന്നും എന്നാൽ 1 ഉം 2 ഉം സ്ഥാപനങ്ങൾക്കെതിരെയുള്ള പരാതി തീർപ്പാക്കിയി ട്ടുണ്ട്. എന്നാൽ 3-ാമത്തെ സ്ഥാപനത്തിനെതിരായ നടപടി തീർപ്പാക്കിയിട്ടില്ല. |
| (എഫ്) | പഞ്ചായത്ത് പാറഖനനത്തിന് അനുമതി നല്കിയ ഓരോ കേസിലും മറ്റെന്തെല്ലാം അനുമതികൾ നേടിയിട്ടുണ്ട്; വിശദമാക്കാമോ ? | (എഫ്) | ബഹു.കേരള ഹൈക്കോടതി WP.(C) 5454/10 — ലെ ഉത്തരവ് പ്രകാരം (1) മൈനിംഗ് & ജിയോളജി ഡിപ്പാർട്ട്മെന്റിന്റെ അനുമതി, (2) പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിരാക്ഷേപപത്രം, (3) എക്സ്പ്ലോസീവ് ലൈസൻസ് (4) ക്വാളിഫൈഡ് ബ്ലാസ്റ്ററുടെ സേവനം എന്നിവ കൂടാതെ ഗ്രാമപഞ്ചായത്തിന്റെ ഡി&ഒ ലൈസൻസ് എന്നിവ നേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ